# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2681** 19/06/2014 ൽ മറുപടിനൽകേണ്ടിയിരുന്നത്.

## യൂണിഫോം വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കഴിഞ്ഞ അദ്ധ്യയനവർഷം സംസ്ഥാനത്തെ എത്ര ശതമാനം സ്കൂൾ വിദ്യാർത്ഥികൾക്ക് സർക്കാർ വാഗ്ദാനം നൽകിയ സ്കൂൾ യൂണിഫോം വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ; | എ) | സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന അർഹരായ എല്ലാ കുട്ടികൾക്കും 2013-14 വർഷത്തെ സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് കൈമാറിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചുവരുന്നു. |
| ബി) | ഇപ്പോൾ ആരംഭിച്ച അദ്ധ്യയനവർഷത്തിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; | ബി) | 2014-15 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണത്തിനായി കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയം 31.2177 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എയിഡഡ് സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | യൂണിഫോം വിതരണം എപ്പോൾ ആരംഭിക്കുമെന്നും പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ? | സി) | 2014-15 വർഷത്തെ ഫണ്ട് കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കും സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കുന്നമുറയ്ക്കും നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ